REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 05-11-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന് എല്ലാ ക്രമീകരണങ്ങളും പൂർത്തിയായി. 121-നിയമസഭാ മണ്ഡലങ്ങൾ നാളെ വിധിയെഴുതും.
- സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ഇന്ന് കൂടി അവസരം.
- നെല്ല് സംഭരണത്തിൽ നിന്ന് മില്ലുടമകൾ പിന്മാറിയ സാഹചര്യം ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ഉച്ചകഴിഞ്ഞ് മന്ത്രിതല യോഗം.
- ഈ മാസം പത്തിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തുമെന്ന് മന്ത്രി V ശിവൻകുട്ടി.
- അങ്കണവാടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യ വിതരണത്തിന് 20 കോടി രൂപ അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ.

## വാർത്തകൾ വിശദമായി

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന് എല്ലാ ക്രമീകരണങ്ങളും പൂർത്തിയായി. 18 ജില്ലകളിലെ 121 നിയമസഭാ മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ്. 1,314 സ്ഥാനാർത്ഥികളാണ് ആദ്യഘട്ടത്തിൽ മത്സരിക്കുന്നത്. മൂന്ന് കോടി 75 ലക്ഷത്തിലധികം വോട്ടർമാർ നാളെ സമ്മതിദാന അവകാശം വിനിയോഗിക്കും. പരസ്യപ്രചാരണം ഇന്നലെയാണ് അവസാനിച്ചത്. രണ്ടാം ഘട്ട വോട്ടെടുപ്പ് നവംബർ 11 ഉം, വോട്ടെണ്ണൽ ഈ മാസം 14 നുമാണ്.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ഇന്ന് കൂടി അവസരം. കഴിഞ്ഞ മാസം 25ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത, അർഹരായവർക്കാണ് പട്ടികയിൽ പേര് ചേർക്കാൻ ഇന്നുകൂടി അവസരം നൽകുന്നത്.

✪✪✪

ഇന്ന് 556-ാമത് ഗുരുനാനാക് ജയന്തി. സിഖ് മതസ്ഥാപകനും, പത്ത് ഗുരുക്കന്മാരിൽ ഒന്നാമനുമാണ് ഗുരു നാനാക്. രാഷ്ട്രപതി ദ്രൗപതി മുർമുവും, പ്രധാനമന്ത്രി നരേന്ദ്രമമോദിയും ജനങ്ങൾക്ക് ഗുരുനാനാക് ജയന്തി ആശംസകൾ നേർന്നു.

ഗുരുവിന്റെ ആദർശങ്ങളും മൂല്യങ്ങളും ഉൾക്കൊള്ളാനും, മെച്ചപ്പെട്ട സമൂഹം കെട്ടിപ്പടുക്കാനും ഈ അവസരം എല്ലാവരെയും പ്രചോദിപ്പിക്കുമെന്നും രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

ഗുരുനാനാക് ദേവന്റെ ജീവിതവും സന്ദേശവും കാലാതീതമായ ജ്ഞാനത്തിലൂടെ മനുഷ്യരാശിയെ നയിക്കുന്നുവെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ലോകത്തെ ആദ്യ 10 സഹകരണ സ്ഥാപനങ്ങളുടെ പട്ടികയിൽ ആദ്യ രണ്ടിലെത്തിയ അമൂലിനേയും ഇന്ത്യൻ ഫാർമേഴ്സ് ആന്റ് ഫെർട്ടിലൈസർ കോ - ഓപ്പറേറ്റീവ് ലിമിറ്റഡിനേയും കേന്ദ്ര ആഭ്യന്തര - സഹകരണ മന്ത്രി അമിത് ഷാ അഭിനന്ദിച്ചു. ഭാരതത്തിന് അഭിമാനകരമായ നിമിഷമാണിതെന്ന് അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ദശലക്ഷക്കണക്കിന് സ്ത്രീകളുടെയും, ക്ഷീര കർഷകരുടെയും അർപ്പണ മനോഭാവത്തിന് ലഭിച്ച ബഹുമതിയാണിതെന്ന് അദ്ദേഹം വിലയിരുത്തി. സ്വാശ്രയത്വത്തിന്റെയും, ശാക്തീകരണത്തിന്റെയും ആഗോള മാതൃകയായി രൂപാന്തരപ്പെടുന്ന സഹകരണ സ്ഥാപനങ്ങളുടെ അതിരറ്റ സാധ്യതകളുടെ തെളിവു കൂടിയാണ് അമുലും, IFFCO യുമെന്ന് അമിത്ഷാ പറഞ്ഞു.

✪✪✪

ഇൻഡൊ- പസഫിക് മേഖലയിലെ തന്ത്രപരമായ സ്ഥിരത വർദ്ധിപ്പിക്കാൻ ഇന്ത്യ- ജപ്പാൻ സഹകരണം വഴിവെക്കുമെന്ന് വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ പറഞ്ഞു. ആഗോള പ്രതിസന്ധികളിൽ രണ്ടു രാജ്യങ്ങൾക്കും കൂട്ടായ ഉത്തരവാദിത്വം നിർവഹിക്കാനുണ്ടെന്ന് എട്ടാമത് ഇൻഡൊ-പസഫിക് ഫോറത്തെ അഭിസംബോധന ചെയ്യവെ അദ്ദേഹം പറഞ്ഞു.

✪✪✪

രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്കരണം സംബന്ധിച്ച് സംസ്ഥാനത്തെ വിഷയങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ

അദ്ധ്യക്ഷതയിൽ ഇന്ന് സർവ്വകക്ഷിയോഗം ചേരും. തിരുവനന്തപുരത്ത് വൈകിട്ട് നാലരയ്ക്ക് ഓൺലൈനായാണ് യോഗം.

✪✪✪

പശ്ചിമബംഗാളിലെ SIRന്റെ ആദ്യ ഘട്ടം അവലോകനം ചെയ്യുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷന്റെ മൂന്നംഗ സംഘം കൊൽക്കത്തയിൽ എത്തി. ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് ഭാരതി, ഡെപ്യൂട്ടി സെക്രട്ടറി അഭിനവ് അഗർവാൾ, പ്രിൻസിപ്പൽ സെക്രട്ടറി S.B ജോഷി എന്നിവരാണ് കൊൽക്കത്തയിലെത്തിയത്. നവംബർ 8 വരെ സംഘം സംസ്ഥാനത്ത് തുടരും.

✪✪✪

ഈ മാസം പത്തിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. PM ശ്രീ വിഷയത്തിൽ നിയമവകുപ്പിന്റെ നിർദ്ദേശം കൂടി കിട്ടിയാൽ കേന്ദ്രത്തിന് കത്തെഴുതുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

രണ്ടു വർഷത്തിനുശേഷം SSK ഫണ്ടിലെ ആദ്യ വിഹിതം കേന്ദ്രത്തിൽ നിന്ന് ലഭിച്ചെന്ന് മന്ത്രി അറിയിച്ചു. അനുമതി നൽകിയ 109 കോടിയിൽ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് 92 കോടി 41 ലക്ഷം രൂപയാണ് ഇന്നലെ അനുവദിച്ചത്. ഇത് വിദ്യാഭ്യാസ അവകാശ നിയമപ്രകാരം കുഞ്ഞുങ്ങൾക്ക് അർഹതപ്പെട്ടതാണെന്ന് ശിവൻകുട്ടി പറഞ്ഞു. നിർമ്മാണ ആവശ്യങ്ങൾക്കായി നോൺ റിക്കറിങ്ഫണ്ട് ഇനത്തിൽ 17 കോടി രൂപ ഇനിയും ലഭിക്കാനുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ഭിന്നശേഷിക്കാരായ കുട്ടികളെ പഠിപ്പിക്കുന്നതിന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നിയമനവുമായി ബന്ധപ്പെട്ട കേസിൽ കേരളത്തിന്റെ സമഗ്ര ശിക്ഷാ ഫണ്ട് ഉടൻ അനുവദിക്കുമെന്ന് സുപ്രീംകോടതിയിൽ കേന്ദ്രഗവൺമെന്റ് ഉറപ്പ് നൽകി എന്നാണ് മനസ്സിലാക്കുന്നതെന്നും, ഇത് പാലിക്കുമെന്നാണ് കരുതുന്നതെന്നും ശിവൻകുട്ടി പറഞ്ഞു.

✪✪✪

നെല്ല് സംഭരണത്തിൽ നിന്ന് ഭൂരിഭാഗം മില്ലുടമകളും പിന്മാറിയ സാഹചര്യത്തിൽ അടിയന്തര നടപടി ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ഇന്ന് മന്ത്രിതല യോഗം.

പാലക്കാട് ജില്ലയിൽ രണ്ടാം വിള നെൽകൃഷിയുടെ നടീൽ തുടങ്ങിയിട്ടും ഒന്നാം വിള നെല്ല് സംഭരണം പൂർണതോതിൽ ആരംഭിക്കാത്തതിന്റെ ആശങ്കയിലാണ് കർഷകർ.

✪✪✪

ന്യൂയോർക്ക് സിറ്റി മേയർ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ വംശജനായ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി സൊഹ്റാൻ മംദാനി വിജയിച്ചു. സ്വതന്ത്ര സ്ഥാനാർത്ഥി ആൻഡ്രൂ ക്യൂമോയെ-യാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. അടുത്ത വർഷം ജനുവരി ഒന്നിനാണ് സ്ഥാനമേൽക്കുക. ഇതോടെ ന്യൂയോർക്ക് നഗരത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ആദ്യത്തെ മേയറാകും മംദാനി.

✪✪✪

കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന്റെ സഹകരണം ആവശ്യമാണെന്ന് കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബിജെപി അധികാരത്തിൽ വന്നാൽ പദ്ധതികൾ നടപ്പാക്കാൻ അനുവാദം തേടി കാത്തു നിൽക്കേണ്ടി വരില്ലെന്ന് അദ്ദേഹം തൃശൂരിൽ പറഞ്ഞു. ചെമ്മണ്ടയിൽ മത്സ്യ തൊഴിലാളി കാഞ്ചനയ്ക്ക് വഞ്ചിയും വലയും നൽകിയതിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു സുരേഷ് ഗോപി.

✪✪✪

ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘങ്ങളുടെ പുതിയ നിയമാവലി ഇന്ന് ഉച്ചക്ക് മന്ത്രി J ചിഞ്ചുറാണി തിരുവനന്തപുരത്ത് പ്രകാശനം ചെയ്യും. 1980 കളിൽ തയ്യാറാക്കിയ നിയമാവലിയ്ക്കാണ് 45 വർഷത്തിന് ശേഷം മാറ്റം വരുന്നത്. ക്ഷീരവികസന വകുപ്പാണ് നിയമാവലി തയ്യാറാക്കിയത്.

✪✪✪

അങ്കണവാടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യ വിതരണത്തിന് 20 കോടി രൂപ അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിനാണ് സഹായം അനുവദിച്ചത്.

സാമ്പത്തിക സ്വയംപര്യാപ്തതയില്ലാത്ത ബോർഡ് ഗവൺമെന്റ് സഹായത്തോടെയാണ് വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്. ബോർഡിന് പ്രതിമാസ ക്ഷേമനിധി വിഹിതമായി ലഭിക്കുന്നത് രണ്ട് കോടി 15 ലക്ഷം രൂപയാണ്. പെൻഷൻ വിതരണത്തിനു മാത്രം മാസം നാല് കോടി 26 ലക്ഷം രൂപ വേണം. കഴിഞ്ഞ നാലരവർഷത്തിൽ 76 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് ബോർഡിന് അനുവദിച്ചത്.

✪✪✪

കണ്ണൂർ ജില്ലയിലെ ജല ലഭ്യതയും ജല ഉപയോഗവും സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ ജല ബജറ്റ് പ്രകാശനം ചെയ്തു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ....

............(വോയ്സ്)........

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ നാലാം ട്വന്റി - 20 ക്രിക്കറ്റ് നാളെ ഗോൾഡ്കോസ്റ്റിൽ. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45 ന് കരാര സ്റ്റേഡിയത്തിലാണ് മത്സരം. ശനിയാഴ്ച ബ്രിസ്ബനിലാണ് അവസാന മത്സരം.

✪✪✪

മുപ്പത്തിയഞ്ചാമത് സബ് ജൂനിയർ കബഡി ചാമ്പ്യൻഷിപ്പിന് ശനിയാഴ്ച കോഴിക്കോട് മുക്കത്ത് തുടക്കമാകും. കേരള സ്പോർട്സ് കൗൺസിലും, ജില്ലാ കബഡി ടെക്നിക്കൽ കമ്മറ്റിയും സംയുക്തമായി മുക്കം ഹയർ സെക്കണ്ടറി സ്കൂളിലാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്.

✪✪✪

ഇന്ന് ലോക സുനാമി അവബോധ ദിനം. സുനാമിയുടെ മാരക പ്രത്യാഘാതങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും, അപകട സാധ്യത കുറയ്ക്കാനും നൂതന ആശയങ്ങൾ പങ്കുവയ്ക്കുക എന്നതാണ് ദിനാചരണ ലക്ഷ്യം.

✪✪✪

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ഇന്ന് രാത്രി 11.30 വരെ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിലും, കന്യാകുമാരി ജില്ലയിലെ തീരങ്ങളിലും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രംമുന്നറിയിപ്പ് നൽകി.

മീൻപിടുത്തകാരും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും, ജനങ്ങൾ ബീച്ച് യാത്രകളും, കടലിൽ ഇറങ്ങുന്നതും പൂർണമായി ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സാമുദായിക സൗഹാർദം തകർക്കുന്ന രീതിയിൽ സാമൂഹിക മാധ്യമങ്ങളിൽ വിദ്വേഷ പ്രചാരണം നടത്തിയാൽ കർശന നടപടിയെടുക്കുമെന്ന് കണ്ണൂർ ജില്ലാ കലക്ടർ അരുൺ K വിജയൻ പറഞ്ഞു. സാമുദായിക സൗഹാർദം സംബന്ധിച്ച് രാഷ്ട്രീയ, സാമുദായിക നേതാക്കളുടെ ജില്ലാതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിൽ സമാധാന അന്തരീക്ഷം

നിലനിർത്താൻ എല്ലാവരും കൂട്ടായ ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കണമെന്നും കലക്ടർ നിർദ്ദേശിച്ചു.

✪✪✪

സ്വർണ്ണവില കുറഞ്ഞു - പവന് 720 രൂപ കുറഞ്ഞ് 89,080 രൂപയായി. ഗ്രാമിന് 11,135 രൂപയിലാണ് ഇന്ന് വ്യാപാരം.

✪✪✪

ഇന്ത്യൻ നാവികസേന തദ്ദേശീയമായി രൂപകൽപ്പന ചെയ്ത നൂറാമത് യുദ്ധക്കപ്പലിന്റെ കമ്മീഷനിങ് സ്മരണാർത്ഥം, 'നമൻ' എന്ന പേരിൽ സംഘടിപ്പിക്കുന്ന കാർ റാലി നാളെ കേരളത്തിൽ എത്തും. കോഴിക്കോട് ചാലിയത്തെ നിർദേശിൽ രാവിലെ കേരള നേവൽ ഓഫീസർ ഇൻ ചാർജ് ഫ്ലാഗ് ഓഫ് ചെയ്യും.

ഗുജറാത്തിലെ ലോത്തലിൽ നിന്ന് കഴിഞ്ഞമാസം 27ന് ആരംഭിച്ച റാലി ഈ മാസം 17ന് കൊൽക്കത്തയിൽ സമാപിക്കും.

✪✪✪

---

*News Editor & News Reader വി.കെ സുരേഷ്*
*NRTs: സബിത കെ, സാലിം*
*DEO: ഷീബ*